പതിനാലാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1375 02.05.2017-ലെ മറുപടിക്ക്

## പതിനഞ്ച് വർഷത്തിലധികം പഴക്കമുള്ള കെ.എസ്.ആർ.ടി.സി. ബസ്സുകൾ

ചോദ്യം

ശ്രീ. ആർ. രാമചന്ദ്രൻ

ഉത്തരം

തോമസ് ചാണ്ടി

(ഗതാഗത വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | കെ.എസ്.ആർ.ടി.സി. സർവ്വീസ് നടത്തുന്ന 15 വർഷത്തിലധികം പഴക്കമുള്ള എത്ര ബസ്സുകൾ ഉണ്ടെന്ന് വിശദീകരിക്കുമോ; | (എ) യും (ബി) യും | 15 വർഷത്തിലധികം പഴക്കമുള്ള ബസ്സുകൾ കെ.എസ്.ആർ.ടി.സി. സ്റ്റേജ് കാരിയേജ് ആയി സർവ്വീസ് നടത്തുന്നില്ല. എന്നാൽ 15 വർഷത്തിനുമേൽ പഴക്കമുള്ള ഒരു ഡബിൾ ഡെക്കർ ബസ് കോൺട്രാക്ട് കാരിയേജായി സ്കൂളുകൾക്കും മറ്റു വിനോദയാത്രക്കാർക്കുമായി നഗരത്തിലെ വിനോദ സഞ്ചാര കേന്ദ്രങ്ങളെ ബന്ധപ്പെടുത്തി വാടകയ്ക്ക് സർവീസ് നടത്തി വരുന്നു. |
| (ബി) | പ്രസ്തുത ബസ്സുകളുടെ സർവ്വീസ് നിർത്തിവയ്ക്കുമ്പോൾ സർവ്വീസിലുണ്ടാകുന്ന കുറവ് പരിഹരിക്കുന്നതിന് സ്വീകരിച്ചിട്ടുള്ള മാർഗ്ഗങ്ങൾ എന്തെല്ലാമെന്ന് വിശദീകരിക്കുമോ; | | |
| (സി) | കെ.എസ്.ആർ.ടി.സി.യ്ക്കുവേണ്ടി കൂടുതൽ ബസ്സുകൾ വാങ്ങുന്നതിന് നടപടി സ്വീകരിക്കുമോ; വിശദീകരിക്കുമോ? | (സി) | കേരള സർക്കാരിന്റെ 2016-17 ബഡ്ജറ്റിൽ കെ.എസ്.ആർ.ടി.സി.യുടെ 1000 പുതിയ സി.എൻ.ജി. ബസ്സുകൾ ഇറക്കുന്നതിന് 300 കോടി രൂപ പ്രത്യേക നിക്ഷേപ പദ്ധതിയിൽ നിന്നും വായ്പയായി ലഭ്യമാക്കുമെന്ന് പ്രഖ്യാപിച്ചിട്ടുണ്ട്. ആദ്യ വർഷം 50 കോടി രൂപയാണ് വകയിരുത്തുന്നത്. ഇതിനാവശ്യമായ കരട് പ്രോജക്ട് റിപ്പോർട്ട് കിഫ്ബി മുമ്പാകെ സമർപ്പിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ